അംഗങ്ങളുമായ വിദഗ്ധ സമിതി ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയുമുണ്ടായി. ടിയാളുടെ മരണകാരണം "massive intracranial haemorrhage (Subarachnoid haemorrhage) ആയിരുന്നുവെന്നാണ് വിദഗ്ധ സമിതിയുടെ കണ്ടെത്തൽ. ആരോപണ വിധേയയായ ഡോ. ഐഷ എസ്. ഗോവിന്ദിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ലെന്നും മതിയായ ചികിത്സ ടിയാൻ റെജിമോന് നൽകിയിട്ടുണ്ടെന്നുമുള്ള നിഗമനത്തിലാണ് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാഷ്വൽറ്റി വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടാതെ അടിയന്തര ചികിത്സ നൽകുന്നതിനുള്ള ഉപകരണങ്ങളും രോഗനിർണ്ണയ സംവിധാനവും ടി ആശുപത്രിയിൽ ലഭ്യമാണ്. അടിസ്ഥാന സൗകര്യങ്ങളുടേയും ഡോക്ടർമാരുടേയും രോഗ നിർണ്ണയ സംവിധാനങ്ങളുടേയും കുറവുകൊണ്ടല്ല രോഗി മരിക്കാനിടയായത് എന്നാണ് അന്വേഷണത്തിൽ നിന്നും വ്യക്തമായത്.

ഭക്ഷ്യോല്പന്നങ്ങളിലെ കീടനാശിനികളുടെ സാന്നിധ്യം

124(2593) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോല്പന്നങ്ങളിൽ കീടനാശിനികളുടെ അളവു നിർണ്ണയിക്കുന്നതിലെ അപാകതമൂലം മാരകവിഷമുള്ള കീടനാശികളുടെ സാന്നിധ്യം അവഗണിക്കപ്പെടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനിക്കു പുറമേ ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള എല്ലാ കീടനാശിനികളുടെയും അളവു പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ;

(സി) ഇതിനായി ചട്ടങ്ങളിൽ ഉചിതമായ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓരോ വിഭവത്തിനും നിഷ്കർഷിച്ചിട്ടുള്ള കീടനാശിനികളുടെ അളവ് സംബന്ധിച്ച് ഒരു കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തീരുമാനം കൈക്കൊണ്ട് ഭക്ഷ്യോല്പന്നങ്ങളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ഭക്ഷ്യസുരക്ഷാനിയമവുമായി ബന്ധപ്പെട്ട് കേന്ദ്ര ചട്ടങ്ങളാണ് നിലവിലുള്ളത്. ആവശ്യമെന്നുകാണുന്ന പക്ഷം ടി ചട്ടങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ട കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

108 ആംബുലൻസ്

125 (2594) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം സിദ്ധിച്ച പാരാമെഡിക്കൽ ജീവനക്കാർ അടങ്ങുന്ന 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണെന്ന 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിനായി വകയിരുത്തിയിരുന്ന 40 കോടി രൂപ ഉപയോഗിച്ച് എത്ര ആംബുലൻസുകൾ വാങ്ങിയെന്നും അവ ഏതൊക്കെ ജില്ലകളിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും അറിയിക്കുമോ ; ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും കേന്ദ്ര സഹായം, എൻ.ആർ.എച്ച്.എം. ഫണ്ട് ഇവ ലഭ്യമായെങ്കിൽ എത്ര വീതം എന്നും അറിയിക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നടത്തിപ്പോന്ന 47 ആംബുലൻസുകളുടെ സേവനം ഇപ്പോൾ വ്യാപകമായ പരാതിക്ക് ഇടനൽകിയിരിക്കുന്നതായ ആക്ഷേപത്തിനുള്ള കാരണം അറിയിക്കുമോ ; അവയിൽ എത്ര 108 ആംബുലൻസുകൾ ഇപ്പോൾ സേവനം നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly